ദേശീയ കുടുംബക്ഷേമ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ

36 [3550] *ശ്രീ. രാജു എബ്രഹാം:*
ശ്രീമതി ഗിരിജാ സുരേന്ദ്രൻ:
ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ:
,, *മഞ്ഞളാംകുഴി അലി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ കുടുംബക്ഷേമ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ ലഭ്യമാക്കുന്നതിന് വീഴ്ചവന്നിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കുടുംബനാഥൻ മരിച്ചാൽ ആശ്രിതർക്ക് സഹായം നൽകുന്ന പദ്ധതിയിൽ യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് എന്ത് തുക നേടിയെടുത്ത് വിതരണം ചെയ്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(സി) ദേശീയ കുടുംബക്ഷേമ പദ്ധതിയിൻകീഴിൽ നടപ്പാക്കുന്ന സഹായ പദ്ധതികൾ എന്തൊക്കെയാണ്; അപേക്ഷിക്കുവാനുള്ള നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഡി) സഹായപദ്ധതികൾപ്രകാരം എത്ര കോടി രൂപയുടെ സഹായം ആവശ്യപ്പെടുകയുണ്ടായി?

ഉത്തരം

(എ) ദേശീയ കുടുംബക്ഷേമ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ കേരളത്തിൽ ലഭ്യമാക്കുന്നതിന് കാലതാമസം നേരിടുന്നുണ്ടെന്നുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ദേശീയ കുടുംബക്ഷേമ പദ്ധതിപ്രകാരമുള്ള ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ അനുവദിക്കാൻ എല്ലാ ജില്ലാ കളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(സി) അനുബന്ധമായി ചേർത്തിട്ടുണ്ട്.†

(ഡി) ദേശീയ കുടുംബക്ഷേമ പദ്ധതിപ്രകാരമുള്ള ആനുകൂല്യം അനുവദിക്കുന്നതിന് 50 കോടി രൂപയുടെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

† അനുബന്ധം V

LIBRARY ARCHIVES Kerala Legislative Assembly

(1)	(2)	(3)	(4)
5	കോട്ടയം	138	89
6	ഇടുക്കി	113	52
7	എറണാകുളം	188	76
8	തൃശ്ശൂർ	206	156
9	പാലക്കാട്	198	56
10	മലപ്പുറം	297	223
11	വയനാട്	84	52
12	കോഴിക്കോട്	150	60
13	കണ്ണൂർ	206	72
14	കാസർഗോഡ്	114	64
	ആകെ	**2402**	**1306**

അനുബന്ധം V

[12-8-2005—ലെ നക്ഷത്ര ചിഹ്നമിടാത്ത 36 (3550)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

ദേശീയ കുടുംബക്ഷേമ പദ്ധതി

ദാരിദ്ര്യരേഖയ്ക്കുതാഴെയുള്ള കുടുംബത്തിൽ പ്രധാന വരുമാനം ആർജ്ജിക്കുന്ന വ്യക്തി മരണപ്പെട്ടാൽ സാധാരണ മരണത്തിന് 5000 രൂപയും അപകടമരണത്തിന് 10000 രൂപയും എന്ന നിരക്കിൽ ഒരു പ്രാവശ്യം (ഒറ്റത്തുകയായി) നൽകുന്നതാണ്.

യോഗ്യതകൾ

1. കുടുംബത്തിലെ ഏതു വ്യക്തിക്കും അവകാശി എന്ന നിലയിൽ പ്രസ്തുത കുടുംബത്തിന്റെ പ്രധാന വരുമാനം ആർജ്ജിച്ചിരുന്ന വ്യക്തി മരിച്ചാൽ, ഈ പദ്ധതിയുടെ ആനുകൂല്യത്തിന് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

2. അപേക്ഷ നൽകുന്നതിനുതൊട്ടുമുൻപ് 3 വർഷം കേരളത്തിൽ സ്ഥിരമായി താമസിച്ചവരായിരിക്കണം.

3. 18 വയസ്സിനും 64 വയസ്സിനുമിടയ്ക്ക് മരണപ്പെട്ടാൽ മാത്രമേ ആനുകൂല്യത്തിന് അവകാശമുള്ളൂ.

4. കുടുംബം ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവരായിരിക്കണം. ആത്മഹത്യ, മറ്റു അത്യാഹിതങ്ങൾ മൂതലായവ അപകടമരണമായി കണക്കാക്കാവുന്നതാണ്. അവകാശികളുടെ പട്ടികയിൽ ഭാര്യ, ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, വിവാഹിതരാകാത്ത പെൺമക്കൾ, ആശ്രയിച്ചുകഴിയുന്ന അച്ഛനമ്മമാർ എന്നിവർ ഉൾപ്പെടുന്നു.

അപേക്ഷിക്കേണ്ട വിധം

നിർദ്ദിഷ്ട ഫാറത്തിലുള്ള അപേക്ഷയുടെ രണ്ടു ഫാറം മരിച്ച ആളിന്റെ അവകാശി കളക്ടർമാർക്കോ, കളക്ടർ ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ സമർപ്പിക്കേണ്ടതാണ്. അപേക്ഷയോടൊപ്പം മരണ സർട്ടിഫിക്കറ്റും അപകട മരണത്തിനാണെങ്കിൽ പോസ്റ്റുമോർട്ടം റിപ്പോർട്ടും കൂടി സമർപ്പിക്കേണ്ടതാണ്. സാധാരണഗതിയിൽ മരണം കഴിഞ്ഞ് ഒരു മാസത്തിനകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

നോട്ട്

(1) ശരിയായ കാരണങ്ങൾ ഉണ്ടെങ്കിൽ അവ രേഖപ്പെടുത്തി കളക്ടർക്കോ, കളക്ടർ അധികാരപ്പെടുത്തുന്ന വ്യക്തിക്കോ കാലതാമസം മാപ്പാക്കാവുന്നതാണ്.

(2) 31-12-1996 വരെ ദേശീയ കുടുംബസഹായ പദ്ധതിക്ക് അപേക്ഷ സമർപ്പിക്കാനുണ്ടായ കാലതാമസം സർക്കാർ മാപ്പാക്കിയിട്ടുണ്ട്. എന്നാൽ അതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് കാലതാമസം മാപ്പാക്കുന്നതിനുള്ള വിവേചനാധികാരം കളക്ടർമാർക്ക് നൽകിയിട്ടുണ്ട്. എന്നാൽ സമയപരിധിക്കുള്ളിൽ അപേക്ഷ സമർപ്പിച്ച അർഹതപ്പെട്ട മറ്റ് അപേക്ഷകർക്ക് ധനസഹായം ലഭിക്കാതിരിക്കുന്ന സാഹചര്യം കർശനമായും ഒഴിവാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

നടപടിക്രമം

ജില്ലാ കളക്ടറോ അതിന് അധികാരപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ അപേക്ഷയെക്കുറിച്ച് അന്വേഷണം നടത്തേണ്ടതും തീരുമാനം എടുക്കേണ്ടതുമാണ്. സഹായധനം ചെക്കായോ, തുകയായോ നൽകുന്നതാണ്.

അപേക്ഷ പാസ്സാക്കിയ വിവരവും തുക നൽകുന്നകാര്യവും അതാതു ഗ്രാമപഞ്ചായത്തുകളെയും മുനിസിപ്പാലിറ്റികളെയും കോർപ്പറേഷനുകളെയും അറിയിക്കേണ്ടതാണ്.

അനുബന്ധം VI

[12-8-2005—ലെ നക്ഷത്ര ചിഹ്നമിടാത്ത 95 (3609)-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ദയവായി കാണുക]

കർഷകരെ സഹായിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ

1. കാർഷിക കടാശ്വാസം

കേരള കാർഷിക കടക്കാർ (താൽക്കാലികാശ്വാസ) നിയമം 2001-ൻകീഴിൽ കർഷകർ സഹകരണ സംഘങ്ങളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള കാർഷിക വായ്പകൾക്ക് 29-12-2001 മുതൽ 6 മാസത്തേയും 23-1-2004 മുതൽ ഒരു വർഷത്തെയും പലിശയിളവ് ആനുകൂല്യം. ഈ ആനുകൂല്യം അടയ്ക്കാകർഷകർക്കും ലഭിച്ചിട്ടുണ്ട്.

2. ജപ്തി നടപടി നിർത്തിവയ്ക്കൽ

കാർഷിക വായ്പകൾ ഈടാക്കുന്നതിന് ജപ്തിയുൾപ്പെടെയുള്ള എല്ലാ നിയമനടപടികളും 17-4-2004 മുതൽ ഒരു വർഷത്തേക്ക് നിർത്തിവയ്ക്കുകയുണ്ടായി.

കാസർഗോഡ് ജില്ലയിലെ കർഷകരുടെ പ്രത്യേകിച്ചും അടയ്ക്കാകർഷകരുടെ അപേക്ഷ പരിഗണിച്ച് ടി ജില്ലയിലെ അടയ്ക്കാകൃഷിക്കാർ എടുത്ത കാർഷിക വായ്പ ഈടാക്കുന്നതിനുള്ള ജപ്തി നടപടികൾ ഒരു മാസത്തേക്ക് നിർത്തിവച്ചുകൊണ്ട് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവ് പുറപ്പെടുവിക്കുകയും ആയതിനു പുറമേ അടയ്ക്കാ കർഷകർ എടുത്ത വായ്പകളിൻമേലുള്ള ജപ്തി നടപടികൾ മൂന്ന് മാസത്തേക്ക് നിർത്തിവയ്ക്കാൻ 29-7-2005-ൽ സർക്കാർ ഉത്തരവ്

LIBRARY ARCHIVES Kerala Legislative Assembly